## മധുരമായ കുട്ടികളെ – നിങ്ങൾ മാതാപിതാവിന്റെ സന്മുഖത്തേക്ക് വന്നിരിക്കുകയാണ് അപാര സുഖം നേടുന്നതിന് വേണ്ടി, ബാബ നിങ്ങളെ അപാര ദു:ഖത്തിൽ നിന്നും മാറ്റി അപാര സുഖത്തിലേയ്ക്ക് കൊണ്ടു പോവുകയാണ്.

**ചോദ്യം –** ഒരു ബാബ മാത്രമാണ് റിസർവ് (ഭാവിയിലേക്കുള്ള കരുതൽ) ആയിട്ടിരിക്കുന്നത്, പുനർജന്മത്തിൽ വരുന്നില്ല, എന്തു കൊണ്ട്?

**ഉത്തരം –** എന്തു കൊണ്ടെന്നാൽ നിങ്ങളെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കുന്നതിന് ആരെങ്കിലും ആവശ്യമാണല്ലോ. അഥവാ ബാബയും പുനർ ജന്മത്തിൽ വരുകയാണെങ്കിൽ പിന്നെ നിങ്ങളെ ആര് കറുത്തവരിൽ നിന്ന് വെളുത്തവരാക്കി മാറ്റും, അതുകൊണ്ട് ബാബ റിസർവായിട്ടിരിക്കുന്നു.

**ചോദ്യം –** എന്തുകൊണ്ടാണ് ദേവതകൾ സദാ സുഖികളായിരിക്കുന്നത്?

**ഉത്തരം –** എന്തുകൊണ്ടെന്നാൽ പവിത്രമാണ്, പവിത്രത ഉള്ളതു കാരണം അവരുടെ പെരുമാറ്റം നല്ലതായിരിക്കും. എവിടെ പവിത്രതയുണ്ടോ അവിടെ സുഖ– ശാന്തി ഉണ്ട്. പവിത്രതയാണ് പ്രധാനം.

**ഓം ശാന്തി**. മധുര – മധുരമായ കളഞ്ഞുപോയി തിരികെ കിട്ടിയ കുട്ടികൾക്കുവേണ്ടി ആത്മീയ അച്ഛൻ മനസ്സിലാക്കി തരുകയാണ്. ബാബ അച്ഛനുമാണ്, മാതാവും പിതാവുമാണ്. അങ്ങ് തന്നെയാണ് മാതാവും പിതാവും ഞങ്ങൾ അങ്ങയുടെ കുട്ടികൾ .... എന്ന് നിങ്ങൾ പാടിയിരുന്നല്ലോ. എല്ലാവരും വിളിച്ചു കൊണ്ടിരിക്കുന്നുണ്ട്. ആരെയാണ് വിളിക്കുന്നത്? പരംപിതാ പരമാത്മാവിനെ. പരംപിതാ പരമാത്മാവിന്റെ കൃപയാൽ അപാരമായ സുഖം എപ്പോൾ ആരിൽ നിന്ന് ലഭിക്കുന്നു എന്ന് മനസ്സിലാക്കുന്നില്ല. അപാര സുഖിയെന്ന് ആരെയാണ് പറയുന്നത? അതും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങളിവിടെ സന്മുഖത്തിരിക്കുകയാണ്, ഇവിടെ വളരെയധികം ദു:ഖമാണെന്ന് നിങ്ങൾക്കറിയാം. ഇത് ദു:ഖധാമമാണ്. അത് സുഖധാമവും. നമ്മൾ 21 ജന്മം സ്വർഗത്തിൽ വളരെയധികം സുഖത്തിൽ കഴിഞ്ഞവരായിരുന്നു എന്ന് ആരുടെ ബുദ്ധിയിലും വരുന്നില്ല. നിങ്ങൾക്കും ആദ്യം ഈ അനുഭവം ഉണ്ടായിരുന്നില്ല. പരംപിതാ പരമാത്മവായ മാതാവിന്റെയും പിതാവിന്റെയും മുന്നിലാണ് നമ്മളിപ്പോൾ ഇരിക്കുന്നത് എന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായി. 21 ജന്മത്തേയ്ക്ക് സ്വർഗത്തിന്റെ ചക്രവർത്തി പദവി പ്രാപ്തമാക്കുന്നതിന് വേണ്ടിയാണ് നമ്മളിപ്പോൾ ഇവിടെ വന്നിരിക്കുന്നത് എന്ന് നിങ്ങൾക്കിപ്പോൾ അറിയാം. ബാബയെയും മനസ്സിലാക്കി, ബാബയിലൂടെ മുഴുവൻ സൃഷ്ടി ചക്രത്തെയും മനസ്സിലാക്കി. നമ്മൾ ആദ്യം അപാര സുഖത്തിലായിരുന്നു, പിന്നീട് ദു:ഖത്തിലേയ്ക്ക് വന്നു, ഇതും നമ്പർവൈസായാണ് ഓരോരുത്തരുടെ ബുദ്ധിയിലും ഇരിക്കുന്നത്. വിദ്യാർത്ഥിയാണെങ്കിൽ സദാ ഓർമ്മയുണ്ടായിരിക്കണം കാരണം ഇടയ്ക്കിടയ്ക്ക് മറന്നു പോകുന്നതുകൊണ്ട് വാടിപോകുന്നത് ബാബ കാണുന്നുണ്ട്. തൊട്ടാവാടി പോലെ ആയിപ്പോവുകയാണ്. മായ യുദ്ധം ചെയ്യുകയാണ്. സന്തോഷത്തിലിരിക്കാൻ ആഗ്രഹിച്ചാലും സന്തോഷത്തിലിരിക്കാൻ കഴിയുന്നില്ല. നമ്പർവൈസ് പദവിയാണല്ലോ. സ്വർഗത്തിൽ പോയാലും രാജാവ് മുതൽ ദാസ ദാസിവരെയും ഉണ്ട്. ദരിദ്ര പ്രജയും സമ്പന്നരും ഉണ്ട്. സ്വർഗത്തിൽ അങ്ങനെയാണെങ്കിൽ നരകത്തിലും അതുപോലെയാവും. ഉയർന്നതും താഴ്ന്നതും. അപാര സുഖം നേടുന്നതിനുവേണ്ടി ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ് എന്ന് നിങ്ങൾക്കറിയാം. ഈ ലക്ഷ്മി നാരായണനാണ് ഏറ്റവും കൂടുതൽ സുഖം അനുഭവിക്കുന്നത്. പവിത്രതയാണ് പ്രധാനം. പവിത്രതയില്ലാതെ ശാന്തിയും സമാധാനവും ലഭിക്കുകയില്ല. ഇതിൽ സ്വഭാവം വളരെ നല്ലതായിരിക്കണം. പവിത്രത യിലൂടെയാണ് മനുഷ്യരുടെ സ്വഭാവം നല്ലതാകുന്നത്. പവിത്രതയുണ്ടെങ്കിൽ അവരെ ദേവത എന്ന് പറയുന്നു. ദേവതയാകുന്നതിന് വേണ്ടിയാണ് നിങ്ങളിവിടെ വന്നിരിക്കുന്നത്. ദേവതകൾ സദാ സുഖികളായിരുന്നു. മനുഷ്യർക്കൊരിക്കലും സദാ സുഖികളായിരിക്കാൻ സാധ്യമല്ല. ദേവതകൾക്കാണ് സുഖം ഉണ്ടാകുന്നത്. ഈ ദേവതകൾ പവിത്രമായതിനാലാണ് നിങ്ങൾ അവരെ പൂജിച്ചിരുന്നത്. പവിത്രതയിലാണ് എല്ലാ കാര്യവും അടങ്ങിയിട്ടുള്ളത്. ഇതിൽ തന്നെയാണ് വിഘ്നവും ഉണ്ടാകുന്നത്. ലോകത്ത് ശാന്തി വേണമെന്ന് ആഗ്രഹിക്കുന്നുണ്ട്. പവിത്രതയില്ലാതെ ഒരിക്കലും ശാന്തിയുണ്ടാവുകയില്ല എന്ന് ബാബ പറയുന്നു. ആദ്യമാദ്യം മുഖ്യമായിട്ടുള്ളത് പവിത്രതയുടെ കാര്യമാണ്. പവിത്രതയിലൂടെ മാത്രമെ നല്ല പെരുമാറ്റം ഉണ്ടാവുകയുള്ളൂ. പതിതമാകുന്നതിലൂടെ പിന്നീട് സ്വഭാവവും മോശമാകുന്നു. ഇപ്പോൾ നമുക്ക് വീണ്ടും ദേവതയായി മാറണമെങ്കിൽ തീർച്ചയായും പവിത്രമായി മാറുക തന്നെ വേണം. ദേവതകൾ പവിത്രമായതുകൊണ്ടാണ് പതിത മനുഷ്യർ അവർക്ക് മുന്നിൽ തല കുനിക്കുന്നത്. മുഖ്യമായിട്ടുള്ളത് പവിത്രതയാണ്. അല്ലയോ പതിത പാവനാ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ്

വിളിച്ചിരുന്നുവല്ലോ. കാമം മഹാ ശത്രുവാണ്, ഇതിൽ വിജയിക്കണമെന്നാണ് ബാബ പറയുന്നത്. ഇതിൽ വിജയിക്കുകയാണെങ്കിൽ നിങ്ങൾ പവിത്രമായി മാറും. നിങ്ങൾ പവിത്ര സതോപ്രധാനമായിരുന്നപ്പോൾ സുഖവും ശാന്തിയും ഉണ്ടായിരുന്നു. നിങ്ങൾ കുട്ടികൾക്കിപ്പോൾ ഓർമ്മ വരുന്നുണ്ട് ഇന്നലത്തെ കാര്യമാണ് ഇത്. നിങ്ങൾ പവിത്രമായിരുന്നപ്പോൾ അപാര സുഖവും ശാന്തിയും എല്ലാമുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് വീണ്ടും ലക്ഷ്മീ നാരായണനായി മാറണം, സമ്പൂർണ്ണ നിർവികാരിയായി മാറുക എന്നതാണ് ഇതിൽ പ്രധാന കാര്യം. ഇത് ജ്ഞാന യജ്ഞമാണ്, ഇതിൽ വിഘ്നം തീർച്ചയായും ഉണ്ടാകുമെന്ന പാട്ടുമുണ്ട്. പവിത്രതയുടെ മുകളിൽ വളരെയധികം വിഘ്നങ്ങൾ ഉണ്ടാകും. ആസുരീയ സമ്പ്രദായമെന്നും ദൈവീക സമ്പ്രദായമെന്നും പാടപ്പെടുന്നുണ്ട്. സത്യയുഗത്തിൽ ഈ ദേവതയായിരുന്നു എന്നത് നിങ്ങളുടെ ബുദ്ധിയിലുണ്ടായിരിക്കണം. മുഖം മനുഷ്യരുടെത് പോലെയാണെങ്കിലും ദേവതയെന്നാണ് അവരെ പറയുന്നത്. അവിടെ സമ്പൂർണ്ണ സതോപ്രധാനമാണ്. യാതൊരു തരത്തിലുമുള്ള കുറവും ഉണ്ടായിരിക്കുകയില്ല. എല്ലാ വസ്തുക്കളും വളരെ നല്ലതായിരിക്കും. ബാബ സമ്പൂർണ്ണമായതു കൊണ്ട് കുട്ടികളെയും സമ്പൂർണ്ണമാക്കി മാറ്റുന്നു. യോഗ ബലത്തിലൂടെ നിങ്ങൾ വളരെ പവിത്രവും മനോഹരവുമായി മാറുന്നു. നിങ്ങളെ കറുപ്പിൽ നിന്നും വെളുപ്പാക്കി മാറ്റുന്നു, നിങ്ങളവിടെ സദാ വെളുത്തിരിക്കും. അവിടെ സ്വാഭാവിക സൗന്ദര്യമായിരിക്കും. മനോഹരമാക്കി മാറ്റേണ്ടതിന്റെ ആവശ്യമില്ല. സതോപ്രധാനമായി മാറുന്നതിലൂടെ മനോഹരമായി മാറുന്നു. അവർ തന്നെയാണ് പിന്നീട് തമോപ്രധാനമായി മാറുന്നതിലൂടെ കറുത്തുപോകുന്നത്. പേര് തന്നെ ശ്യാമസുന്ദരൻ എന്നാണ്. കൃഷ്ണനെ ശ്യാമസുന്ദരൻ എന്ന് പറയുന്നതെന്തുകൊണ്ടാണ്? ഇതിന്റെ അർത്ഥം ബാബയ്ക്കല്ലാതെ വേറെ ഒരാൾക്കും പറഞ്ഞു തരാൻ സാധിക്കില്ല. ഭഗവാനായ ബാബ എന്ത് കാര്യമാണോ കേൾപ്പിക്കുന്നത് അത് ഒരു മനുഷ്യനും കേൾപ്പിച്ചു തരുവാൻ സാധ്യമല്ല. ചിത്രങ്ങളിൽ സ്വദർശന ചക്രം ദേവതകൾക്കാണ് കൊടുത്തിരിക്കുന്നത്.

ബാബ മനസ്സിലാക്കി തരികയാണ്-മധുര-മധുരമായ കുട്ടികളെ, ദേവതകൾക്ക് സ്വദർശന ചക്രത്തിന്റെയൊന്നും ആവശ്യമില്ല. ശംഖ് മുതലായവ കൊണ്ട് അവർ എന്ത് ചെയ്യാനാണ്? നിങ്ങൾ ബ്രാഹ്മണ കുട്ടികളാണ് സ്വദർശന ചക്രധാരികൾ. ശംഖധ്വനി മുഴക്കുന്നതും നിങ്ങളാണ്. ഇപ്പോൾ വിശ്വത്തിൽ ശാന്തി ഉണ്ടാകുന്നതെങ്ങനെയാണ് എന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായി. ഒപ്പം പെരുമാറ്റവും നല്ലതാക്കണം. ഭക്തി മാർഗത്തിലും നിങ്ങൾ ദേവതകളുടെ മുന്നിൽപോയി അവരുടെ ഗുണങ്ങൾ വർണ്ണിക്കാറുണ്ടല്ലോ. പക്ഷെ ദേവതകളൊരിക്കലും നിങ്ങളുടെ സ്വഭാവം നല്ലതാക്കുന്നില്ല. നന്നാക്കുന്നത് വേറെ ആരോ ആണ്. അത് നിരാകാരനായ ശിവബാബയാണ്. ബാബയുടെ മുന്നിൽ പോയി ആരും ഇങ്ങനെ പാടാറില്ല, അങ്ങ് സർവ്വഗുണ സമ്പന്നനാണ് .... ശിവന്റെ മഹിമ തന്നെ വേറെയാണ്. ദേവതകളുടെ മഹിമയാണ് പാടുന്നത്. പക്ഷെ നമ്മളങ്ങനെയായി മാറിയതെങ്ങനെയാണ്? ആത്മാവ് തന്നെയാണ് പവിത്രവും അപവിത്രവുമായി മാറുന്നത്. ഇപ്പോൾ നിങ്ങളുടെ ആത്മാവ് പവിത്രമായി മാറികൊണ്ടിരിക്കുകയാണ്. എപ്പോഴാണോ ആത്മാവ് സമ്പൂർണ്ണമായി മാറുന്നത് അപ്പോൾ ഈ ശരീരം പതിതമായിരിക്കുകയില്ല, പിന്നീട് പോയി പാവന ശരീരമെടുക്കുന്നു. ഇവിടെയാണെങ്കിൽ പാവന ശരീരമുണ്ടായിരിക്കുക സാധ്യമല്ല. എപ്പോഴാണോ പ്രകൃതി സതോപ്രധാനമാകുന്നത് അപ്പോഴാണ് പാവന ശരീരമുണ്ടാകുന്നത്. പുതിയ ലോകത്തിൽ എല്ലാ വസ്തുക്കളും സതോപ്രധാനമായിരിക്കും. ഇപ്പോൾ 5 തത്വങ്ങളും തമോപ്രധാനമായതു കാരണം വളരെയധികം ഉപദ്രവങ്ങളുണ്ടായികൊണ്ടിരിക്കുന്നു. എങ്ങനെയെല്ലാമാണ് മനുഷ്യർ മരിച്ചുകൊണ്ടിരിക്കുന്നത്. തീർത്ഥയാത്രയിൽ പോകുന്നു, ചിലർ അപകടത്തിൽ മരിക്കുന്നു. വെള്ളവും ഭൂമിയുമെല്ലാം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. ഈ എല്ലാ തത്വങ്ങളും നിങ്ങൾക്ക് സഹായം ചെയ്യും. വിനാശത്തിൽ പെട്ടെന്ന് വെള്ളപ്പൊക്കം വരും, കൊടുങ്കാറ്റ് വരും – ഇതെല്ലാം പ്രകൃതി ദുരന്തങ്ങളാണ്. . അവർ ബോംബ് മുതലായവ ഉണ്ടാക്കുന്നു, ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അതിനെയൊന്നും ഈശ്വരീയ വിപത്തെന്ന് പറയാൻ കഴിയില്ല. അത് മനുഷ്യരാൽ ഉണ്ടാക്കപ്പെട്ടവയാണ്. ഭൂമി കുലുക്കം മുതലായവ മനുഷ്യനിർമ്മിതമല്ല. ഈ വിപത്തുകളെല്ലാം ഒരുമിച്ച് വരുന്നു, ഭൂമിയിൽ നിന്ന് ഇളക്കി മറിക്കുന്നു. ബാബ നമ്മളെ ഭാരരഹിതരാക്കി മാറ്റി പുതിയ ലോകത്തിലേയ്ക്ക് കൂടെ കൊണ്ടുപോകുന്നതെങ്ങനെയാണ് എന്ന് നിങ്ങൾക്കിപ്പോൾ അറിയാം. ശിരസ്സ് ഭാരരഹിതമാകുമ്പോൾ ചുറുചുറുക്കുണ്ടാകുന്നു. ബാബ നിങ്ങളെ തികച്ചും ഭാരരഹിതരാക്കുന്നു. എല്ലാ ദു:ഖവും ദൂരെയാക്കുന്നു. ഇപ്പോൾ നിങ്ങളെല്ലാവരുടെയും ശിരസ്സ് വളരെ ഭാരമുള്ളതാണ് പിന്നീടെല്ലാവരും ഭാരരഹിതരും ശാന്തരും സുഖികളുമായി മാറുന്നു. ആര് ഏത് ധർമ്മത്തിലുള്ളവരായാലും, എല്ലാവർക്കും സന്തോഷമുണ്ടാവണം, എല്ലാവർക്കും സദ്ഗതി തരുന്നതിനു വേണ്ടി ബാബ വന്നിരിക്കുകയാണ്. എപ്പോഴാണോ സ്ഥാപന പൂർണ്ണമാകുന്നത് അപ്പോൾ എല്ലാ ധർമ്മവും വിനാശമാകുന്നു. മുമ്പ് നിങ്ങളുടെ ബുദ്ധിയിൽ ഈ ചിന്ത ഉണ്ടായിരുന്നില്ല. ഇപ്പോൾ മനസ്സിലായി, ബ്രഹ്മാവിലൂടെ സ്ഥാപന എന്ന് പാടാറുണ്ട്. ബാക്കി അനേക ധർമ്മങ്ങളെല്ലാം വിനാശമാകും. ഈ ഒരു കർത്തവ്യം ഒരേയൊരു ശിവബാബയ്ക്കല്ലാതെ വേറെ ഒരാൾക്കും

ചെയ്യാൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള അലൗകിക ജന്മവും അലൗകിക കർത്തവ്യവും വേറെ ആർക്കും ഉണ്ടാവുക സാധ്യമല്ല. ബാബ ഉയർന്നതിലും ഉയർന്നതാണ്. ബാബയുടെ കർത്തവ്യവും വളരെ ഉയർന്നതാണ്. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണല്ലോ. ഈ സൃഷ്ടിയിൽ നിന്നും പാപാത്മാക്കളുടെ ഭാരം ഇറക്കുന്നതിനുവേണ്ടി ബാബ വന്നിരിക്കുകയാണ് എന്ന ജ്ഞാനം നിങ്ങൾ കേൾക്കുകയാണ്. ഒരു ധർമ്മത്തിന്റെ സ്ഥാപനയും അനേക ധർമ്മങ്ങളുടെ വിനാശവും ചെയ്യുന്നതിന് വേണ്ടി ബാബ വന്നിരിക്കുകയാണ് എന്ന പാട്ടും ഉണ്ടല്ലോ. ഇപ്പോൾ നിങ്ങളെ വളരെ ഉയർന്ന മഹാത്മാവാക്കി മാറ്റി കൊണ്ടിരിക്കുകയാണ്. ദേവതകൾക്കല്ലാതെ വേറെ ആർക്കും മഹാത്മാവാകാൻ സാധിക്കുകയില്ല. ഇവിടെയാണെങ്കിൽ അനേകരെ മഹാത്മാവെന്ന് പറഞ്ഞു കൊണ്ടിരിക്കുന്നു. പക്ഷെ മഹാൻ ആത്മാക്കളെയാണ് മഹാത്മാവെന്ന് പറയുന്നത്. രാമരാജ്യമെന്ന് സ്വർഗത്തെയാണ് പറയുന്നത്. അവിടെ രാവണ രാജ്യം തന്നെയില്ലാത്തതു കൊണ്ട് വികാരത്തിന്റെ പ്രശ്നം വരുന്നില്ല അതുകൊണ്ട് അവരെ സമ്പൂർണ്ണ നിർവികാരി എന്ന് പറയുന്നു. എത്രയും സമ്പൂർണ്ണമായി മാറുന്നുവോ അത്രയും സുഖവും അനുഭവിക്കുന്നു. അപൂർണ്ണമാണെങ്കിൽ ഇത്രയും സുഖം അനുഭവിക്കാൻ സാധിക്കുകയില്ല. സ്ക്കൂളിലും ചിലർ സമ്പൂർണ്ണരും ചിലർ അപൂർണ്ണരും ഉണ്ടാകും. വ്യത്യാസം കാണാൻ സാധിക്കും. ഡോക്ടർ അർത്ഥം ഡോക്ടർ. പക്ഷെ ചിലരുടെ വരുമാനം കുറവും ചിലർക്ക് കൂടുതലും ആയിരിക്കും. അതുപോലെ ദേവതയാണെങ്കിൽ ദേവത പക്ഷെ പദവിയിൽ എത്രയോ വ്യത്യാസമുണ്ടാകും. ബാബ വന്ന് നിങ്ങളെ ഉയർന്ന പഠിപ്പ് പഠിപ്പിക്കുകയാണ്. കൃഷ്ണനെ ഒരിക്കലും ഭഗവാൻ എന്ന് പറയാൻ സാധിക്കില്ല. കൃഷ്ണനെ ശ്യാമ സുന്ദരൻ എന്നാണ് പറയുന്നത്. കറുത്ത കൃഷ്ണനെയും കാണാൻ സാധിക്കും. കൃഷ്ണനെ കറുത്തതെന്ന് പറയാൻ കഴിയില്ല. പേരും രൂപവും മാറുമല്ലോ. അപ്പോൾ ആത്മാവും കറുത്തതാവണമല്ലോ, പേര്, രൂപം, ദേശം, കാലം എല്ലാം വ്യത്യസ്തമാകും. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ്, തുടക്കം മുതൽ എങ്ങനെയാണ് പാർട്ടിൽ വരുന്നതെന്ന് നിങ്ങൾക്ക് മനസ്സിലായി. ആദ്യം ദേവത ആയിരുന്നു, പിന്നീട് ദേവതയിൽ നിന്ന് അസുരനായി മാറി. ബാബ 84 ജന്മങ്ങളുടെ രഹസ്യവും മനസ്സിലാക്കി തന്നു, ഇത് വേറെ ആർക്കും അറിയുകയില്ല. ബാബയാണ് വന്ന് എല്ലാ രഹസ്യവും മനസ്സിലാക്കി തരുന്നത്. ബാബ പറയുകയാണ്-എന്റെ ഓമനയായ കുട്ടികളെ, നിങ്ങൾ എന്നോടൊപ്പം വീട്ടിൽ വസിച്ചിരുന്ന വരാണല്ലോ. നിങ്ങൾ സഹോദര-സഹോദരരായിരുന്നല്ലോ. എല്ലാവരും ആത്മാക്കളായിരുന്നു, ശരീരമുണ്ടായിരുന്നില്ല. ബാബയും നിങ്ങൾ സഹോദര - സഹോദരന്മാരുമുണ്ടായിരുന്നു. വേറെ ഒരു സംബന്ധവുമുണ്ടായിരുന്നില്ല. ബാബയാണെങ്കിൽ പുനർജന്മത്തിൽ വരുന്നില്ല. ബാബ ഡ്രാമയനുസരിച്ച് റിസർവ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ബാബയുടെ പാർട്ട് അങ്ങനെയാണ്. നിങ്ങൾ എത്ര സമയം വിളിച്ചിരുന്നുവെന്നതും ബാബ പറഞ്ഞു തന്നു. ദ്വാപരയുഗം മുതൽ വിളിക്കാൻ തുടങ്ങി എന്നല്ല. വളരെ സമയത്തിനു ശേഷമാണ് നിങ്ങൾ വിളിക്കാൻ തുടങ്ങിയത്. നിങ്ങളെ ബാബ സുഖിയാക്കി മാറ്റുകയാണ് അർത്ഥം ബാബ സുഖത്തിന്റെ സമ്പത്ത് തന്നു കൊണ്ടിരിക്കുകയാണ്. ബാബാ, അങ്ങയുടെ അടുത്ത് കല്പ കല്പം അനേകം തവണ ഞങ്ങൾ വന്നിട്ടുണ്ട് എന്ന് നിങ്ങളും പറയാറുണ്ട്. ഈ ചക്രം കറങ്ങി കൊണ്ടിരിക്കുകയാണ്. നിങ്ങളും പറയുന്നു ബാബാ ഓരോ 5000 വർഷങ്ങൾക്കു ശേഷവും അങ്ങുമായി കണ്ടുമുട്ടാറുമുണ്ട് ഈ സമ്പത്ത് നേടാറുമുണ്ട്. ഏതെല്ലാം ദേഹധാരികളുണ്ടോ അവരെല്ലാം വിദ്യാർത്ഥികളാണ്, പഠിപ്പിക്കുന്ന ആൾ വിദേഹിയും. ഇത് ബാബയുടെ ശരീരമല്ല. സ്വയം വിദേഹിയാണ്, ഇവിടെ വന്ന് ശരീരം ധാരണ ചെയ്യുകയാണ്. ശരീരമില്ലാതെ കുട്ടികളെ പഠിപ്പിക്കുന്നതെങ്ങനെയാണ്? ബാബ എല്ലാ ആത്മാക്കളുടെയും അച്ഛനാണ്. ഭക്തി മാർഗത്തിൽ എല്ലാവരും ബാബയെ വിളിച്ചിരുന്നു, രുദ്രമാലയെ സ്മരിക്കുന്നു. മുകളിൽ പൂവും ജോടിയായി മുത്തും. അതാണെങ്കിൽ ഒരുപോലെയാണ്. പൂക്കളെ നമസ്ക്കരിക്കുന്നതെന്തുകൊണ്ടാണ് എന്നും, ആരുടെ മാലയാണ് കറക്കുന്നതെന്നും നിങ്ങൾക്കിപ്പോൾ മനസ്സിലായി. ദേവതകളുടെ മാലയാണോ അതോ നിങ്ങളുടെ മാലയാണോ കറക്കുന്നത്? മാല ദേവതകളുടെയോ അതോ നിങ്ങളുടെയോ. ദേവതകളുടെതാണെന്ന് പറയുകയില്ല. ബാബ പഠിപ്പിക്കുന്ന ബ്രാഹ്മണരുടെത് തന്നെയാണിത്. ബ്രാഹ്മണനിൽ നിന്നും പിന്നീട് നിങ്ങൾ ദേവതയായി മാറുന്നു. ഇപ്പോൾ പഠിക്കുന്നു പിന്നീട് അവിടെ പോയി ദേവതാ പദവി നേടുന്നു. ബാബയിലൂടെ പഠിച്ച്, പരിശ്രമിച്ച് ദേവതയായി മാറുന്ന നിങ്ങൾ ബ്രാഹ്മണരുടെ തന്നെയാണീ മാല. പഠിപ്പിക്കുന്ന ആളിലാണ് സമർപ്പണമാകേണ്ടത്. ബാബ കുട്ടികൾക്ക് വേണ്ടി വളരെയേറെ സേവനം ചെയ്യുന്നുണ്ട്. സ്വർഗത്തിൽ ആരും ബാബയെ ഓർമ്മിക്കുന്നില്ല. ഭക്തിമാർഗത്തിൽ നിങ്ങൾ മാല കറക്കിയിരുന്നു. ഇപ്പോൾ ആ പൂവ് വന്ന് നിങ്ങളെയും പൂവാക്കി മാറ്റുന്നു അർത്ഥം തന്റെ മാലയിലെ മുത്താക്കി മാറ്റുന്നു. നിങ്ങൾ പുഷ്പമായി മാറുന്നുണ്ടല്ലോ. ആത്മാവിനെക്കുറിച്ചുള്ള അറിവും നിങ്ങൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത്. മുഴുവൻ സൃഷ്ടിയുടെയും ആദി, മദ്ധ്യ, അന്ത്യത്തെക്കുറിച്ചുള്ള അറിവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. നിങ്ങളുടെ തന്നെയാണ് മഹിമയുള്ളതും. നിങ്ങൾ ബ്രാഹ്മണരിരുന്ന് തനിക്കു സമാനം ബ്രാഹ്മണരെ സൃഷ്ടിച്ചു പിന്നീട് സ്വർഗത്തിലെ ദേവീ ദേവതകളാക്കി മാറ്റുന്നു. ദേവതകൾ സ്വർഗത്തിലാണിരിക്കുന്നത്. നിങ്ങൾ എപ്പോഴാണോ ദേവതയായി

മാറുന്നത് അപ്പോൾ നിങ്ങൾക്കവിടെ ഭൂതം, വർത്തമാനം, ഭാവി എന്നിവയുടെ അറിവ് ഉണ്ടായിരിക്കുകയില്ല.

ഇപ്പോൾ നിങ്ങൾ ബ്രാഹ്മണ കുട്ടികൾക്കാണ് ഭൂതം, വർത്തമാനം, ഭാവി എന്നിവയുടെ അറിവ് ലഭിക്കുന്നത്, വേറെ ആർക്കും ഈ അറിവ് ലഭിക്കുന്നില്ല. നിങ്ങൾ വളരെ - വളരെ ഭാഗ്യശാലികളാണ്. പക്ഷെ പിന്നീട് മായ മറപ്പിക്കുന്നു. നിങ്ങളെ ഈ ബ്രഹ്മാബാബയല്ല പഠിപ്പിക്കുന്നത്. ഇത് മനുഷ്യനാണ്, ഈ ബാബയും പഠിച്ചു കൊണ്ടിരിക്കുകയാണ്. ബാബ ഏറ്റവും പുറകിലായിരുന്നു. നമ്പർ വൺ പതിതവും പിന്നീട് നമ്പർ വൺ പാവനവുമാകുന്നത് ഈ ബാബ തന്നെയാണ്. വളരെയധികം സുഖം അനുഭവിക്കുന്നു. ലക്ഷ്യവും മുന്നിലുണ്ട്. ബാബ നിങ്ങളെ വളരെ ഉയർന്നതാക്കി മാറ്റുന്നു. ആയുഷ്മാൻ ഭവ, പുത്രവാൻ ഭവ...... ഇതും ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. ബാബ പറയുകയാണ് ഞാൻ നിങ്ങൾക്ക് ആശിർവാദം തരുന്നു, പിന്നീട് നിങ്ങളെല്ലാവർക്കും കൊടുക്കുന്നു. ഞാൻ വരുന്നത് നിങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ വേണ്ടിയാണ്. പഠിപ്പിലൂടെ തന്നെയാണ് നിങ്ങൾക്കെല്ലാ ആശിർവാദവും ലഭിക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. എങ്ങനെയാണോ ബാബ സമ്പൂർണ്ണം - അതുപോലെ സ്വയത്തെ സമ്പൂർണ്ണമാക്കി മാറ്റണം. പവിത്രതയെ ധാരണ ചെയ്ത് തന്റെ പെരുമാറ്റത്തെ നല്ലതാക്കണം, സത്യമായ സുഖ - ശാന്തിയുടെ അനുഭവം ചെയ്യണം.

2. സൃഷ്ടിയുടെ ആദി, മദ്ധ്യ, അന്ത്യത്തിന്റെ ജ്ഞാനം ബുദ്ധിയിൽ വെച്ച് ബ്രാഹ്മണനിൽ നിന്ന് ദേവതയാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യണം. തന്റെ ഉയർന്ന ഭാഗ്യത്തെ ഒരിക്കലും മറക്കരുത്.

## വരദാനം:- ധാരണാസ്വരൂപത്തിലൂടെ സേവനം ചെയ്ത് സന്തോഷത്തിന്റെ പ്രത്യക്ഷഫലം പ്രാപ്തമാക്കുന്ന സത്യമായ സേവാധാരിയായി ഭവിക്കട്ടെ.

സേവനത്തിന്റെ ഉത്സാഹം കാണിക്കുന്നത് വളരെ നല്ലതാണ് പക്ഷെ അഥവാ സാഹചര്യമനുസരിച്ച് സേവനത്തിന്റെ അവസരം താങ്കൾക്ക് ലഭിച്ചില്ലെങ്കിൽ തന്റെ അവസ്ഥ കുഴിയിലാകുകയോ ചഞ്ചലപ്പെടുകയോ അരുത്. അഥവാ ജ്ഞാനം കേൾപ്പിക്കാനുള്ള അവസരം ലഭിക്കുന്നില്ല എങ്കിലും താങ്കളുടെ ധാരണാസ്വരൂപത്തിന്റെ പ്രഭാവം കാണിക്കുകയാണെങ്കിൽ സേവനത്തിന്റെ മാർക്ക് നിക്ഷേപിക്കപ്പെടും. ധാരണാസ്വരൂപരായ കുട്ടികൾ തന്നെയാണ് സത്യമായ സേവാധാരികൾ. അവർക്ക് സർവ്വരുടെയും ആശീർവ്വാദങ്ങളും സേവനത്തിന്റെ റിട്ടേണായി പ്രത്യക്ഷഫലമായ സന്തോഷത്തിന്റെ അനുഭൂതിയുമുണ്ടാകുന്നു.

## സ്ലോഗൻ:- സത്യമായ ഹൃദയത്തോടെ ദാതാവ്, വിധാതാവ്, വരദാതാവിനെ പ്രീതിപ്പെടുത്തുകയാണെങ്കിൽ ആത്മീയരസത്തിലിരിക്കാം.